പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4100

16.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിൽ ഡ്യൂട്ടി ബഹിഷ്കരണ സമരം

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇരട്ട ഡ്യൂട്ടി ഒഴിവാക്കിയതിൽ പ്രതിഷേധിച്ച് കെ.എസ്.ആർ.ടി.സി യിൽ ഒരു വിഭാഗം മെക്കാനിക്കൽ ജീവനക്കാർ ഡ്യൂട്ടി ബഹിഷ്കരണ സമരം നടത്തുകയുണ്ടായോ; | (എ) | 01.05.2017 മുതൽ 03.05.2017 വരെ ഒരു വിഭാഗം മെക്കാനിക്കൽ ജീവനക്കാർ ഡ്യൂട്ടി ബഹിഷ്കരണ സമരം നടത്തിയിരുന്നു. |
| (ബി) | എങ്കിൽ ഈ സമരം കാരണം കെ.എസ്.ആർ.ടി.സി യുടെ വരുമാനത്തിൽ എത്ര കോടി രൂപയുടെ കുറവുണ്ടായി; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ 2017 ഏപ്രിൽ മാസത്തെ ശരാശരി പ്രതിദിന വരുമാനം 5,83,35,811 രൂപയാണ്.<br>മെയ് 1, മെയ് 2 എന്നീ സമരദിവസങ്ങളിൽ യഥാക്രമം 69,41,517-ഉം, 60,20,945-ഉം രൂപയുടെ വരുമാനക്കുറവ് ഉണ്ടായിട്ടുണ്ട്. |
| (സി) | കോർപ്പറേഷന് ഈ സമരം കാരണം ഉണ്ടായ മറ്റ് നഷ്ടങ്ങൾ എന്തൊക്കെയാണ് ; | (സി) | ഇതു സംബന്ധിച്ച് അന്വേഷണം നടന്നു വരുന്നു. നഷ്ടം കണക്കാക്കിയിട്ടില്ല. |
| (ഡി) | സമരത്തെ മറികടക്കാൻ എന്തൊക്കെ ബദൽ സംവിധാനങ്ങൾ കൈക്കൊണ്ടു; വിശദാംശങ്ങൾ നൽകുമോ; | (ഡി) | ഡ്യൂട്ടിയ്ക്ക് ഹാജരായ ജീവനക്കാരെ വിവിധ ഡിപ്പോകളിലേക്ക് പുനർ വിന്യസിച്ചും സെൻട്രൽ വർക്ക്സ്, മറ്റു റീജിയണൽ വർക്ക്ഷോപ്പുകൾ എന്നിവിടങ്ങളിലെ മെക്കാനിക്കൽ ജീവനക്കാരെ ഡിപ്പോകളിലേക്ക് അയച്ചും ഡോക്കിലുള്ള ബസുകൾ നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വളരെ അത്യാവശ്യ ഘട്ടത്തിൽ വാഹന നിർമ്മാതാക്കളുടെ അംഗീകൃത ഡീലർമാരുടെ സേവനവും ലഭിച്ചിട്ടുണ്ട്. |
| (ഇ) | സമരത്തിനോടനുബന്ധിച്ച് സ്വീകരിച്ച ശിക്ഷണ നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (ഇ) | വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ